# ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

# 2023 – 2024 സാമ്പത്തിക വർഷത്തെ
# ബജറ്റ്

(ധനകാര്യ സ്ഥിരം സമിതിയുടെ 17.03.2023 തീയതിയിലെ

1 (ii) - നമ്പർ തീരുമാനം പ്രകാരവും

ഭരണസമിതിയുടെ          തീയതിയിലെ

നമ്പർ തീരുമാനപ്രകാരവും

അംഗീകരിച്ചത്)

# ആമുഖം



**അ**ധികാരവികേന്ദ്രീകരണത്തിലൂടെ ശക്തമായ പ്രാദേ
ക ഭരണ സംവിധാനം രൂപപ്പെടുകയും ത്രിതല പഞ്ചായ
ുകൾ പ്രാദേശികസർക്കാരുകളായി സാമൂഹ്യ വികസന
ത്ത് കൂടുതൽ ജനപങ്കാളിത്തം ഉറപ്പു വരുത്തി ആസൂ
ത വികസനം ഗ്രാമതലങ്ങളിൽ എത്തിക്കുകയും ചെയ്തു വരുന്നു. ഗ്രാമഭ
നം ശോഭനമായ രീതിയിൽ നടപ്പിലാക്കണമെങ്കിൽ ഭരണ സംവിധാനവും
ദ്യോഗസ്ഥ സംവിധാനവും ഒരുപോലെ ചേർന്ന് പ്രവർത്തിക്കണം. ബ്ലോക്ക്
ഞ്ചായത്തിന് ലഭ്യമായതും പ്രതീക്ഷിക്കുന്നതുമായ വിഭവ സ്രോതസ്സുകൾ
കാണ്ട് കാർഷിക മേഖലയ്ക്കും, ആരോഗ്യ മേഖലയ്ക്കും, പാർപ്പിട മേഖ
യ്ക്കും പ്രാധാന്യം നൽകുന്നതിനോടൊപ്പം ത്രിതല പഞ്ചായത്തുകളുമായി
ചർന്ന് സംയുക്ത പദ്ധതികൾക്കും ലക്ഷ്യം വെച്ചുകൊണ്ടുള്ള ഒരു ബജറ്റാണ്
ിഭാവനം ചെയ്തിട്ടുള്ളത്. യുവജനങ്ങളെ തൊഴിൽ മേഖലയിലേക്കും സംരംഭ
മഖലയിലേക്കും എത്തിക്കുന്നതിനായും ബ്ലോക്ക് പഞ്ചായത്ത് ശ്രമിക്കുന്നു.
അർഹിക്കുന്ന പ്രാധാന്യത്തോടെ വിവിധ മേഖലകളെ പരിഗണിച്ചുകൊണ്ടാണ്
023-24 ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. 2023-24 ബജറ്റിൽ വിഭാവനം ചെയ്യുന്ന
സമ്പത്ത് കാര്യക്ഷമമായി നടപ്പിലാക്കാൻ ബ്ലോക്ക് പഞ്ചായത്ത് പ്രതിജ്ഞാബ
ദ്ധമാണ് എന്ന് അറിയിച്ചുകൊള്ളട്ടെ. നമുക്ക് ലഭ്യമാകുന്ന സമ്പത്ത് ഏറ്റവും കാര
്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ടി ബജറ്റിന് ആകട്ടെ എന്ന്
ആശംസിക്കുന്നു.

തടിയമ്പാട്
18/03/2023

**രാജി ചന്ദ്രൻ**
പ്രസിഡന്റ്
ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്.

# ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

## ബജറ്റ് 2023-2024

ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള ബജറ്റ് നിങ്ങളേവരു
യും അനുമതിയോടെ അവതരിപ്പിക്കട്ടെ. അധികാരവികേന്ദ്രീകരണത്തിൽ അടിയുറച്ച് പ്രാദേ
ശസർക്കാരുകളുടെ സ്വയം പര്യാപ്തതയിലേയ്ക്കുള്ള മുന്നേറ്റത്തിന് അവരുടെ സാമ്പത്തി
സൂത്രണം അത്യന്താപേക്ഷിതമാണ് എന്ന തിരിച്ചറിവിൽ നിന്നും ഉരുത്തിരിഞ്ഞതാണ്;
ുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള ബജറ്റ്. അടുത്ത ഒരു വർഷക്കാ
ളവിലെ പ്രതീക്ഷിതവരവുകളും, ചെലവുകളും വിശദമായി പ്രതിപാദിക്കുന്ന കണക്കുകൾ
താടൊപ്പമുണ്ട്. നിങ്ങളേവരുടെയും വിശദമായ പരിഗണനയ്ക്കും ചർച്ചകൾക്കും അംഗീകാ
തിനുമായി ഈ ബജറ്റ് സമർപ്പിക്കുന്നു.

വികസനം ജനങ്ങളുടെ ജീവിതനിലവാരം പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യപ്ര
ിയയാണ്. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നി അടിസ്ഥാന ആവശ്യങ്ങൾ വർദ്ധമാനമായ
ാതിൽ ലഭ്യമാക്കി സമൂഹത്തിന്റെ സമഗ്ര വികസനത്തിനായി വിഭവങ്ങളുടെ നീതി പൂർവ്വ
യ വിതരണം, സുതാര്യമായി നിർവ്വഹിക്കപ്പെടുമ്പോഴാണ്, സാമൂഹ്യനീതിയിലധിഷ്ഠിതമായ
ു വികസന പരിപ്രേക്ഷ്യം രൂപപ്പെടുന്നത്.

പതിനാലാം പഞ്ചവൽസരപദ്ധതിയിലെ രണ്ടാം വാർഷികപദ്ധതിയ്ക്കായി ആവി
ഷ്ക്കരിച്ച വികസന തന്ത്രത്തിൽ ഊന്നിയുള്ള ഒരു ബജറ്റാണിത്. നവകേരളസൃഷ്ടിയ്ക്കായി
ംസ്ഥാനസർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള നാല് വികസന മിഷനുകളുടെ അന്ത:സത്ത കാത്തു
ൂക്ഷിക്കുവാൻ ഉപകരിക്കുന്ന വിധത്തിൽ വിഭവങ്ങളുടെ വിനിയോഗം സാധ്യമാക്കുന്നതിന്
ൗ ബജറ്റിൽ പരമാവധി ശ്രദ്ധ നൽകിയിട്ടുണ്ട്.

മറ്റ് പല ബ്ലോക്ക് പഞ്ചായത്തുകളെയും പോലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിനും
നത് ഫണ്ട് തീർത്തും പരിമിതമാണ്. കാലാകാലങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ചുകൊണ്ടി
ിക്കുന്ന പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, കേന്ദ്രാവിഷ്കൃതപദ്ധതിക
ായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, എം.പി ലാഡ്സ്, എം.എൽ.എ.
എസ്.ഡി.എഫ് എന്നിവയാണ് പ്രധാന വരുമാന സ്രോതസുകൾ.

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 2023-24 വർഷത്തേയ്ക്ക് 71.04 കോടി രൂപ വരവും 70.94
കോടി രൂപ ചെലവും 5.04 ലക്ഷം രൂപ മിച്ചവും പ്രതീക്ഷിക്കുന്നു.

## പാർപ്പിട മേഖല

സ്വന്തമായൊരു വീട് ഏതൊരു കുടുംബത്തിന്റെയും സ്വപ്നമാണ്. ഈ സ്വപ്നം ലമാക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചുവരുന്ന ലൈഫ് ഭവനനിർമ്മാണ യിൽ പങ്കുചേരാൻ നമ്മുടെ ബ്ലോക്ക് പഞ്ചായത്തിനും കഴിയുന്നു എന്നതിൽ, ഏറെ അഭി ണ്ട്. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി വഴി കേന്ദ്രസർക്കാർ നൽകുന്ന ധനസഹായ ടൊപ്പം, ത്രിതലപഞ്ചായത്തുകളുടെ വിഭവങ്ങളും സംയോജിപ്പിച്ച് നടപ്പിലാക്കിവ ഇതുവഴി ഇടുക്കി ബ്ലോക്ക് പഞ്ചായത്തിൽ സമ്പൂർണ്ണപാർപ്പിട ലഭ്യത നാം ലക്ഷ്യം വക ബ്ലോക്ക് പഞ്ചായത്തിൽ അടുത്ത ഒരു വർഷക്കാലം ഭവനനിർമ്മാണ ധനസഹായം നൽ തിനായി 2.85 കോടി രൂപ ലൈഫ്/പി.എം.എ.വൈ പദ്ധതികൾക്കായി ഈ ബജറ്റിൽ വ ത്തുന്നു.

## ആരോഗ്യമേഖല

ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന രണ്ട് സാമൂഹികാരോഗ്യകേന്ദ്രങ്ങളെയു സൗഹൃദ ആരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുക എന്നത് ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളാ ഭരണസമിതിയുടെ തുടക്കം മുതൽ സ്വീകരിച്ചു വന്നിട്ടുള്ളത്. ആയതിനാവശ്യമായ ഭൗത ഹചര്യങ്ങൾ ഒരുക്കുന്നതിനും, ആരോഗ്യരക്ഷാപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും യായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി പാലിയേറ്റീവ് ണം, ആയുർവേദ പാലിയേറ്റീവ് പരിചരണം, വയോജന ക്ഷേമത്തിനായി "ജറിയാട്രിക്" പദ്ധതികൾക്കായി 22 ലക്ഷം രൂപ ഈ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കൂടാതെ, ആരോഗ്യ നങ്ങളിൽ ആവശ്യമായതും, വകുപ്പുതലത്തിൽ ലഭ്യതയില്ലാത്തതുമായ മരുന്നുകളുടെ ഉറപ്പുവരുത്തുന്നതിനായി 14 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. ആശുപത്രികളിലെ അടിസ്ഥ സൗകര്യവികസനത്തിനായും, നിലവിലുള്ള കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള ആസ്തികളുടെ ക്ഷണത്തിനും, അറ്റകുറ്റപ്പണികൾക്കുമായി 50 ലക്ഷം രൂപവകയിരുത്തുന്നു. കഞ്ഞിക്കുഴി ഏച്ച്.സി യിൽ വനികളുടെയും, കുട്ടികളുടെയും വാർഡ് നിർമ്മാണത്തിനായി സം സർക്കാർ 34 ലക്ഷം രൂപ അനുവദിച്ചിട്ടുള്ള വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

സി.എച്ച്.സി.കളിൽ കിടത്തി ചികിത്സയോടൊപ്പം സായാഹ്ന ഒ.പി. സംവിധാനം നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടെ 22 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ധന കമ്മീഷന്റെ ഹെൽത്ത് ഗ്രാന്റ് വിഹിതമായി 25.50 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.സി.എച്ച്.സി ലാബ് നവീകരണത്തിന് ആവശ്യമായ മെഷീനുകളും ഫർണ്ണിച്ചറും കമ്പ്യൂട്ടറുകളും വാ തിന് ടി തുക വകയിരുത്തുന്നു.

കോവിഡ് പോലുള്ള പകർച്ചവ്യാധി വ്യാപനം തടയുന്നതിന് ഈ ബജറ്റിൽ 5 ലക്ഷം രൂപ വകയിരുത്തുന്നു. തെരുവു നായ നിയന്ത്രണത്തിനായുള്ള ABC പ്രോഗ്രാമിനായി 5 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

## ക്ഷീരമേഖല

കാർഷിക മേഖല കടുത്ത സാമ്പത്തിക പ്രതിസന്ധികൾ നേരിടുന്ന ഈ കാലയളവിൽ അതിജീവനത്തിനായി കർഷകരെ ഒരളവ് വരെ സഹായിക്കുന്നത് ക്ഷീരമേഖലയാണ്. ക്ഷീര കർഷകരോളം, കഠിനാദ്ധ്വാനവും കഷ്ടപ്പാടുകളും അനുഭവിക്കുന്ന മറ്റൊരു വിഭാഗമില്ല എന്ന് തിരിച്ചറിഞ്ഞുകൊണ്ട് ക്ഷീരമേഖലയ്ക്ക് കൈത്താങ്ങായി കാലിത്തീറ്റ വിതരണ പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

## കാർഷികമേഖല

ബ്ലോക്ക് പഞ്ചായത്തിലെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ അതിസങ്കീർണ്ണമാണ്. ഭൂപ്രശ്നങ്ങൾ, കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച, കാട്ടുമൃഗശല്യം, കാലാവസ്ഥാ വ്യതിയാനം, പ്രളയം, വരൾച്ച തുടങ്ങിയ നിരവധി പ്രതിസന്ധികളിലൂടെയാണ് നമ്മുടെ കർഷകർ കടന്നുപോകുന്നത്.ഈ പ്രതിസന്ധികൾക്ക് എല്ലാം പരിഹാരം കാണുവാൻ നമുക്ക് കഴിയില്ല എങ്കിലും, സാധ്യമായ ഇടപെടലുകൾ നടത്തുന്നതിന് ഈ ബജറ്റിൽ പരമാവധി ശ്രമിക്കുന്നു. കൃഷി വകുപ്പിന്റെ സഹകരണത്തോടെ വിത്ത്, മറ്റ് നടീൽ വസ്തുക്കൾ എന്നിവ ലഭ്യമാക്കുന്നതിനും, സ്ഥിരം കൃഷിക്ക് സഹായമായി ഫലവൃക്ഷം, തെങ്ങിൻതൈ, ജാതിത്തൈ, ജൈവരാസവള കീടനാശിനി വിതരണം, എന്നിവയ്ക്കായി 43 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സമഗ്ര കാർഷികപുരോഗതിക്കുപകരിക്കുന്ന പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ ആവിഷ്ക്കരിച്ചുനടപ്പിലാക്കുന്നതിനും ഈ ബജറ്റ് ലക്ഷ്യം വയ്ക്കുന്നു.

## സാമൂഹ്യസുരക്ഷ:-

ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമത്തിനായി അവർക്ക് സ്കോളർഷിപ്പും, ബത്തയും നൽകുക എന്ന ഉദ്ദേശത്തോടെ 18 ലക്ഷം രൂപയും, മറ്റ് സാമൂഹ്യസുരക്ഷാ പ്രവർത്തനങ്ങൾക്കായി 18.50 ലക്ഷം രൂപയും ഉൾപ്പെടെ ഈ മേഖലയിൽ ആകെ 36.50 ലക്ഷം രൂപ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

## യുവജനക്ഷേമം-വിദ്യാഭ്യാസം-കല-സംസ്ക്കാരം

കോവിഡ് പ്രതിസന്ധിമൂലം മുടങ്ങിക്കിടന്നിരുന്ന കേരളോത്സവം ഈ വർഷം പുന ഭിക്കുകയുണ്ടായി. കൂടുതൽ ഉർജ്ജ സ്വലതയോടു കൂടി കേരളോത്സവം. മറ്റ് യുവജനക്ഷേ വർത്തനങ്ങൾ, കലാ സംസ്ക്കാരിക പ്രവർത്തനങ്ങൾ കൂടാതെ ലൈബ്രറി കൗൺസി അഫിലിയേഷൻ ഉള്ളതും, ഇപ്പോൾ പ്രവർത്തിച്ചുവരുന്നതുമായ ഗ്രന്ഥശാലകൾക്ക് ഫർ റും, പുസ്തകങ്ങളും നൽകുന്നതിനായും 4 ലക്ഷം രൂപയും, വിദ്യാഭ്യാസ അനുബന്ധപ്രവ നങ്ങൾക്കായി 4 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 8 ലക്ഷം രൂപ ഈ മേഖലയ്ക്കായി റ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗ്രന്ഥശാലകളെ ശക്തിപ്പെടുത്തി ഒരു പഞ്ചായത്തിൽ കുറഞ ഒന്ന് എന്ന തോതിൽ പി.എസ്.സി/ഉന്നത ജോലികൾക്കായുള്ള പരിശീലന കേന്ദ്ര സജ്ജമാക്കുക എന്നതാണ് ഈ ഭരണ സമിതി ലക്ഷ്യം വയ്ക്കുന്നത്.

## പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം

ബ്ലോക്ക് പഞ്ചായത്തിലെ അംഗീകൃത പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പുരോഗതിയും, അവരുടെ ക്ഷേമവും ലക്ഷ്യം വച്ച് കൊണ്ടുള്ള പദ്ധതികൾ ഈ വർഷവു രുന്നതിന് ബജറ്റ് ലക്ഷ്യം വക്കുന്നു. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറിക്കായി 25 രൂപയും, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി 20 ലക്ഷം രൂപയും വകയിരുത്തുന്നു. ക ഈ മേഖലയിലെ പശ്ചാത്തലസൗകര്യവികസനത്തിനായി 15 ലക്ഷം രൂപയും വകയിരുത്ത ണ്ട്.

## വനിതാക്ഷേമ പദ്ധതികൾ

കാർഷികമേഖലയിൽ വനിതാഘടകപദ്ധതിയിൽ തുക ലഭ്യമാക്കിയിട്ടുള്ള പദ്ധതി പുറമെ, സേവന മേഖലയിൽ വനിതകളുടെ ക്ഷേമത്തിനായി 24 ലക്ഷം രൂപ ഈ ബജറ്റി കൊള്ളിച്ചിട്ടുണ്ട്. വനിതകളുടെ ക്ഷേമവും സാമ്പത്തിക പുരോഗതിയും ലക്ഷ്യം വ ണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിന് ഈ ബജറ്റ് വിഭാവനം ചെ വനിതകളുടെ മാനസീക-ശാരീരിക ഉന്നമനത്തിനായി യോഗപരിശീലന പരിപാടികൾക ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താന്നിക്കണ്ടം വനിത പരിശീലന കേന്ദ്രത്തിൽ യൂണിയൻ ബാങ്കിന്റെ ആഭിമുഖ്യത്തിലുള്ള ഗ്രാമീണ സ്വയം പരിശീലന സ്ഥാപനം 2023 മെയ് മാസത്തോടുകൂടി പൂർണ്ണതോതിൽ പ്രവർത്തന കുന്നതാണ്.

## കുടിവെള്ളം/ശുചിത്വം

വേനൽക്കാലമായാൽ കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി 45 ലക്ഷം രൂപയും,മാലിന്യ സംസ്കരണം/ശുചിത്വം മേഖലയിൽ ഇടുക്കി ജില്ലാ ആസ്ഥാനത്ത് സ്ലോട്ടർ ഹൗസ് സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപയും, ഖരമാലിന്യ സംസ്കരണ കെട്ടിട നിർമ്മാണത്തിനായി 16 ലക്ഷം രൂപയും, ടോയ്ലറ്റ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനായി 45 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## തൊഴിൽമേഖല

തൊഴിൽ മേഖലയുടെ പുരോഗതിയ്ക്കായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 59 കോടി രൂപയുടെ വിനിയോഗമാണ് പ്രതീക്ഷിക്കുന്നത്. വനിതകളെ സ്വയം പര്യാപ്തമാക്കുന്നതിനായി സ്വയം തൊഴിൽ ഗ്രൂപ്പുകൾക്ക് ധനസഹായത്തിനായി 24 ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

## ടൂറിസം

കാൽവരിമൗണ്ടിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള ടൂറിസം കേന്ദ്രത്തിന്റെ പോരായ്മകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു. കൂടാതെ കാൽവരിമൗണ്ട്, പരുന്തുംപാറ, കാഞ്ഞാർ വാട്ടർ തീം പാർക്ക്, പാൽക്കുളംമേട്, പുള്ളിക്കാനം, പുന്നയാർ, മാലിക്കുത്ത് എന്നീ വിനോദ സഞ്ചാരകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. കാഞ്ഞാർ വാട്ടർ തീം പാർക്കിൽ അംനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് DTPC യുമായി സഹകരിച്ച് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

## ജലബജറ്റ്

ഒരു പ്രദേശത്തെ ജലത്തിന്റെ ലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന രേഖയാണ് ജല ബജറ്റ്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളേയും അടിസ്ഥാനമാക്കി ജല ബജറ്റ് തയ്യാറാക്കാനുള്ള പദ്ധതിക്ക് സംസ്ഥാന സർക്കാർ തുടക്കമിടുകയാണ്. ഇന്ത്യയിൽ ഇത് ആദ്യമായാണ് ഒരു സംസ്ഥാനം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കുന്നത്. നിലവിലുള്ള ജലസ്രോതസ്സുകളെ സംരക്ഷിച്ചുകൊണ്ടും ജലലഭ്യത പരമാവധി ഉപയോഗിച്ച് വരും കാലങ്ങളിലേക്കും, ജലലഭ്യതകുറവുള്ള പ്രദേശങ്ങളിലേക്ക് ജലത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനുമായി വിവിധ വകുപ്പുകളെയും ത്രിതല പഞ്ചായത്തുകളെയും യോജിപ്പിച്ചുകൊണ്ട് ജലബജറ്റ് തയ്യാറാക്കുന്നതിന് ജില്ലയിൽ ആദ്യമായി ഇടുക്കി ബ്ലോക്ക് പഞ്ചായത്തിനെ സംസ്ഥാന സർക്കാർ തിരഞ്ഞെടുത്ത വിവരം സസന്തോഷം പ്രഖ്യാപിക്കുവാൻ ഈ അവസരം വിനിയോഗിക്കുന്നു.

## ഉപസംഹാരം

പാർപ്പിടമേഖല, ആരോഗ്യപരിപാലന,കാർഷിക, ക്ഷീരമേഖലകൾക്ക് ഊന്നൽ നൽ ക്കൊണ്ടുള്ള ബജറ്റാണ് ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 2023-24 വർഷത്തേയ്ക്കായി വിഭാ ചെയ്തിട്ടുള്ളത്. കാർഷികമേഖലയ്ക്കും ക്ഷീരകർഷകരുടെ ക്ഷേമത്തിനും യുവജനക്ഷേ ത്തിനും, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനും മറ്റ് സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കും ഒ റ്റിൽ മതിയായ വിഹിതം വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ വിക പ്രശ്നങ്ങൾക്കും ഈ ഒരു വർഷക്കാലം കൊണ്ട് ശാശ്വത പരിഹാരം കാണുവാൻ കഴി എന്നകാര്യം ഉൾക്കൊണ്ടുതന്നെ ലഭ്യമായ വിഭവങ്ങൾ പരമാവധി കാര്യക്ഷമമായും, സമ ഖലകളെയും പരിഗണിച്ചും വിനിയോഗിക്കുന്നതിന് ഈ ബജറ്റ് പരമാവധി ശ്രമിച്ചിട്ടു ത്രിതല പഞ്ചായത്തുകളുമായി യോജിച്ച് സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്ന ബ്ലോക്ക് പഞ്ചായത്ത് മുൻഗണന നൽകിയിട്ടുണ്ട്. ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ ഘ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ പ്രവർത്തിപ്പിച്ചുകൊണ്ടുപോകുക എന്ന ലക്ഷ്യത്തോ ഇടുക്കി ആസ്ഥാനത്ത് നബാർഡ് സഹകരണത്തോടുകൂടി ഒരു കെട്ടിട സമുച്ചയം നിർമ്മിക്ക തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബജറ്റ് വിഭാവനം ചെയ്യുന്ന പദ്ധ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിലെ മു ജനങ്ങളുടെയും, ഭരണസമിതി, ഗ്രാമപഞ്ചായത്തു ഭരണസമിതികൾ, ജനപ്രതിനിധികൾ, ഗസ്ഥർ തുടങ്ങി എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഒരിക്കൽ കൂടി അഭ്യർ കൊണ്ട് ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തെക്കുള്ള ബജറ്റ് നിങ്ങളോ ത്തരുടെയും പരിഗണനയ്ക്കും ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ചുകൊള്ളു

തടിയമ്പാട്
18.03.2023

(ഒപ്പ്)
വൈസ് പ്രസിഡന്റ്&
ചെയർ പേഴ്സൺ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി